പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 57

6.2.2013 ൽ
മറുപടിയ്ക്ക്

<u>സ്മാർട്ട് സിറ്റിയുടെ നിർമ്മാണച്ചുമതല</u>

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ;

ശ്രീ. സി.കെ. സദാശിവൻ ;

ശ്രീമതി കെ.എസ്. സലീഖ ;

ശ്രീ. എസ്. രാജേന്ദ്രൻ ;

എ) സ്മാർട്ട്സിറ്റിയുടെ നിർമ്മാണച്ചുമതല ടീകോമിന്റെ മാതൃസ്ഥാപനവും റിയൽ എസ്റ്റേറ്റ് സ്ഥാപനവുമായ ദുബായ് ഹോൾഡിംഗ്സിനു കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി അടിസ്ഥാന കരാറിൽ മാറ്റം വരുത്തുന്നുണ്ടോ ;

ബി) ദുബായിൽ വച്ച ചേർന്ന സ്മാർട്ട്സിറ്റി ഡയറക്ടർ ബോർഡ് യോഗത്തിൽ എന്തെല്ലാം കാര്യങ്ങളിൽ തീരുമാനം എടുത്തിട്ടുണ്ട് ; ടീകോമിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ;

സി) സ്മാർട്ട്സിറ്റിയുടെ മുഴുവൻ ഭൂമിക്കും ഒറ്റസെസ്സ് പദവി നേടിയെടുക്കുന്നതിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായോ ; കേന്ദ്ര സർക്കാർ മുൻ നിലപാടിൽ വരുത്തിയ മാറ്റം എന്തായിരുന്നു ; ഒറ്റ സെസ്സ് പദവി വേണമെന്ന ടീകോം നിർബന്ധത്തിന്റെ കാരണം എന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

ഡി) ഇതുമൂലം ടീകോമിന്റെ പദ്ധതിക്കുണ്ടാകുന്ന നേട്ടം എന്താണ് ?

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി)

എ) സ്മാർട്ട്സിറ്റിയുടെ നിർമ്മാണ ചുമതല സർക്കാരിന് കൂടി പങ്കാളിത്തമുള്ള സ്മാർട്ട്സിറ്റി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനിക്കാണ്. ദുബായ് ഹോൾഡിംഗ്സിന് നിർമ്മാണ ചുമതല കൈമാറുന്നത് സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല.

ബി) ദുബായിൽ വച്ച് ചേർന്ന ഡയറക്ടർ ബോർഡിന്റെ അംഗീകരിച്ച തീരുമാനങ്ങൾ സർക്കാരിൽ ഇതുവരെ ലഭിച്ചിട്ടില്ല.

(സി) യും (ഡി) യും

സ്മാർട്ട്സിറ്റിയുടെ മുഴുവൻ ഭൂമിക്കും കൂടി ഒറ്റസെസ്സ് പദവി നേടിയെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ബോർഡ് ഓഫ് അപ്രൂവലിന് ശുപാർശ സമർപ്പിച്ചിരുന്നു. വിജ്ഞാപനം ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്മാർട്ട്സിറ്റിയുടെ ഭൂമി കടമ്പ്രയാറിന് ഇരുവശത്തുമായിട്ടാണ് സ്ഥിതിചെയ്യുന്നത്. ഇരുവശത്തും സ്ഥിതിചെയ്യുന്ന സ്ഥലത്തിന് ഒറ്റ സെസ്സ് പദവി ലഭിക്കുന്നതോടെ ഭരണപരമായ സൗകര്യത്തിന് പുറമെ ഒറ്റ വിജ്ഞാന അധിഷ്ഠിത IT/ITES ടൗൺഷിപ്പ് എന്ന നേട്ടവും കൈവരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ